**ടെയ്ക്ക് ഹോം റേഷൻ പദ്ധതി**

39 [3482] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഐ.സി.ഡി.എസ്. പ്രോജക്ടുകളിലാണ് ടെയ്ക്ക് ഹോം റേഷൻ സ്ട്രാറ്റജി എന്ന പദ്ധതി നടപ്പിലാക്കിയിരുന്നത്. പ്രസ്തുത പ്രോജക്ടുകളുടെ പേർ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതി എന്നാണ് തുടങ്ങിയത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഇപ്പോൾ അംഗൻവാടികൾ മുഖേന പോഷകാഹാരം വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ഇതിനായി ഓരോ പ്രോജക്ടിലും എത്ര സംഖ്യയുടെ പോഷകാഹാരം വിതരണം ചെയ്തിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പ്രോജക്ട് പ്രകാരം ലഭിച്ചിരുന്ന പോഷകാഹാര സാധനങ്ങൾ ബാലുശ്ശേരി ബ്ലോക്കിൽ ഇപ്പോൾ ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് മുടങ്ങിപ്പോകാനുള്ള കാരണം വെളിപ്പെടുത്തുമോ;

(എഫ്) ടെയ്ക്ക് ഹോം റേഷൻ സ്ട്രാറ്റജി പ്രകാരം പോഷകാഹാരങ്ങൾ വിതരണം തുടങ്ങിയ ബ്ലോക്കുകളിൽ തുടർന്നു വിതരണം ചെയ്യുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ;

(ജി) പോഷകാഹാരങ്ങൾ ഏത് ഏജൻസിയിൽ നിന്നാണ് വാങ്ങിയിരുന്നത് എന്നും ഇതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്നും വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) സംസ്ഥാനത്ത് താഴെപ്പറയുന്ന മൂന്ന് ഐ. സി. ഡി. എസ്. പ്രോജക്ടുകളിലാണ് പൈലറ്റ് പ്രോജക്ടായി ടെയ്ക്ക് ഹോം റേഷൻ സ്ട്രാറ്റജി നടപ്പിലാക്കിയിട്ടുള്ളത്.

1. വാമനപുരം—തിരുവനന്തപുരം ജില്ല.
2. അങ്കമാലി—എറണാകുളം ജില്ല.
3. ബാലുശ്ശേരി—കോഴിക്കോട് ജില്ല.

(ബി) 2004 നവംബർ മാസത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു പരീക്ഷണാടിസ്ഥാനത്തിലുള്ള ഒരു പദ്ധതിയായിരുന്നു. അതിനാൽ പോഷകാഹാര വിതരണത്തിന് തടസ്സം നേരിട്ടിട്ടുണ്ട്. പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാമനപുരം പ്രോജക്ടിൽ 2,52,188 .രൂപയുടെയും, അങ്കമാലി പ്രോജക്ടിൽ 3,56,768 രൂപയുടെയും, ബാലുശ്ശേരി പ്രോജക്ടിൽ 3,61,472രൂപയുടെയും, പോഷകാഹാരം വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്

(ഇ) പരീക്ഷണാടിസ്ഥാനത്തിൽ മൂന്ന് ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ ആരംഭിച്ച ഈ പദ്ധതി തുടരുന്നതിലേക്കായി പഠനം നടത്തണമെന്ന് ഗവൺമെന്റ് ഉത്തരവിൽ അനുശാസിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ഇവാലുവേഷൻ സ്റ്റഡി നടത്തുകയും പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം ഈ പദ്ധതി ഗുണകരമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി 31-3-2005 വരെ നീട്ടുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(എഫ്) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) പോഷകാഹാരം എം./എസ്. ക്രിസ്റ്റിഫ്രൈഡ് ഗ്രാം ഇൻഡസ്ട്രീസ്, തിരുച്ചംകോഡ് തമിഴ്നാട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങുന്നത്. കർണ്ണാടക സംസ്ഥാനത്തിലേയും, തമിഴ്നാട്ടിലേയും ഭക്ഷ്യമിശ്രിതം വിതരണത്തിന് കോമ്പിറ്റേറ്ററി ടെൻഡർ മുഖാന്തിരം യോഗ്യത നേടിയവരും നല്ല രീതിയിൽ പ്രവർത്തി പരിചയമുള്ളവരുമായ കരാറുകാരിൽ നിന്നും ലിമിറ്റഡ് ക്വട്ടേഷൻ ക്ഷണിക്കുകയും സാമൂഹ്യക്ഷേമ സെക്രട്ടറി അദ്ധ്യക്ഷനും, ഫിനാൻസ്, പ്ലാനിംഗ്, തദ്ദേശ സ്വയംഭരണ വകുപ്പിലെ പ്രതിനിധികൾ അടങ്ങിയ കമ്മിറ്റി ടി. ക്വട്ടേഷൻ പരിശോധിച്ച്, ക്വട്ടേഷൻ സമർപ്പിച്ച രണ്ടു സ്ഥാപനങ്ങളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത എം./എസ്. ക്രിസ്റ്റിഫ്രൈഡ് ഗ്രാം ഇൻഡസ്ട്രീസിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

## ഇ.എസ്.ഐ. അംഗങ്ങൾക്ക് ശമ്പളത്തോടുകൂടി അവധി അനുവദിക്കാൻ നടപടി

40 [3484] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. അംഗങ്ങളായ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടേണ്ടിവരുമ്പോൾ ശമ്പളത്തോടുകൂടിയ മെഡിക്കൽ ലീവ് അനുവദിച്ചു നൽകുന്നതിന് വ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly